ഉത്തരം

(എ & ബി) ഡോക്ടർ മാർക്കും ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് സർവകലാശാലാ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കേരള കോഴിക്കോട് സർവകലാശാലകളുടെ സെനറ്റിന്റെ പ്രതിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കോഴിക്കോടു സർവ്വകലാശാലാ സെനറ്റിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആലപ്പുഴയിൽ സ്ഥാപിക്കാൻ നടപടി

1208. [1816] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ ഒരു ഡപ്യൂട്ടി ഡയറക്ടർ ഓഫീസ് ആലപ്പുഴയിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ട്രെയിനിംഗ് കോളേജ്

1209. [1819] ശ്രീ. പി കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, പി. സീതിഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

മലപ്പുറം ജില്ലയിൽ പുതിയ ട്രെയിനിംഗ് കോളേജ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പുതിയ കോളേജുകൾ തുടങ്ങുന്നതിനെപ്പറ്റി തീരുമാനം ആയിട്ടില്ല.

മലപ്പുറം ജില്ലയിലെ ട്രെയിനിംഗ് സ്കൂളുകൾ

1210. [1820] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1961-ന് ശേഷം മലപ്പുറം ജില്ലയിൽ ട്രെയിനിംഗ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവിടെ അടിയന്തിരമായി ട്രെയിനിംഗ് സ്കൂളുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം ജില്ല നിലവിൽ വന്നശേഷം പുതിയ ട്രെയിനിംഗ് സ്കൂളുകളും അനുവദിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആകെ ഉണ്ടായിരുന്ന ട്രെയിനിംഗ് സ്കൂളുകളുടെ എണ്ണം 104-ൽ നിന്നും 92 ആയി ചുരുക്കിയ പ്പോഴും മലപ്പുറം ജില്ലയിലുള്ള സ്കൂളുകളും നിറുത്തലാക്കിയിരുന്നില്ല. പുതുതായി ട്രെയിനിംഗ് സ്കൂളുകളും ഒന്നുംതന്നെ സഹകാര്യ മേഖലയിൽ അനുവദിക്കേണ്ടതില്ലെന്ന് നയപരമായി ഒരു തീരുമാനം സർക്കാർ കൈ കൊണ്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മാവേലിക്കര പീറർ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ ബി. എഡ്. പരീക്ഷാഫലം

1211. [1821] ശ്രീ. ടി. വി. വിജയരാജൻ :
,, എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി 1985-86-ലെ ബി. എഡ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചുവോ ;

(ബി) എങ്കിൽ മാവേലിക്കര പീറർ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ പരീക്ഷാഫലം എന്തുകൊണ്ട് പ്രസിദ്ധീകരിച്ചില്ല എന്നു പറയുമോ ;

(സി) 1986 ഏപ്രിൽ മാസം നടന്ന ബി. എഡ്. പരീക്ഷയ്ക്ക് പ്രസ്തുത കോളേജിൽ നിന്ന് എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചു.

(ബി) ഈ അദ്ധ്യയന വർഷം പ്രസ്തുത കോളേജിൽ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടില്ലാത്തതിനാലാണ്.

(സി) 144 (നൂറ്റി നാല്പത്തി നാല്)

പുതിയ വിദ്യാഭ്യാസ ജില്ലകൾ

1212. [1822] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ ആരംഭിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ ഏതുവർഷം രൂപീകരിച്ചതാണ് ?

LIBRARY ARCHIVES Kerala Legislative Assembly